(സി) സസ്പെൻഷനിലായ പ്രതികളുടെ പേരിലുള്ള നടപടി പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) വനം വകുപ്പിലെ വിജിലൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പ്രാഥമികാന്വേഷണ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് രണ്ട് ഡി. എഫ്. ഒ.-മാരുൾപ്പെടെ പന്ത്രണ്ട് വനംവകുപ്പ് ഉദ്യോഗസ്ഥരെ ഈ കേസ്സിൽ സർക്കാർ സസ്പെന്റ് ചെയ്തിരുന്നു. പാലക്കാട് ഹേമാംബിക നഗർ പോലീസ് സ്റ്റേഷനിലും തുടർന്ന് ക്രൈംബ്രാഞ്ച് പോലീസും നടത്തിവന്ന ക്രിമിനൽ കേസ്സിന്റെ അന്വേഷണം സി. ബി. ഐ.-യെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) വനം വകുപ്പ് വിജിലൻസ് വിഭാഗത്തിന്റെ പ്രാഥമികാന്വേഷണ റിപ്പോർട്ടിൽ പന്ത്രണ്ട് വനം വകുപ്പ് ഉദ്യോഗസ്ഥരെ കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചകളുടെ പേരിൽ കുറ്റം ആരോപിച്ചിട്ടുണ്ട്.

(സി) നടപടികൾ പിൻവലിച്ചിട്ടില്ല. എന്നാൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവുകളെ തുടർന്ന്, സസ്പെൻഷനിലായിരുന്ന ശ്രീ. വി. പി. മാധവൻ, ശ്രീ. പി. എം. വേലായുധൻ എന്നീ ഫോറസ്റ്റർമാരുടെ നിവേദനങ്ങൾ പ്രത്യേകമായി പരിശോധിക്കുകയും കേസ് അന്വേഷിച്ചുവന്ന ക്രൈംബ്രാഞ്ച് പോലീസിന്റെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട് ഇവർക്കെതിരെ എടുത്തുവരുന്ന അന്വേഷണത്തേയും ശിക്ഷാ നടപടികളേയും ബാധിക്കരുതെന്നുള്ള നിബന്ധനയോടെയും പാലക്കാട് ജില്ലയ്ക്ക് പുറത്ത് നിയമനം നൽകണം എന്ന വ്യവസ്ഥയിലും അവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

തളിപ്പറമ്പ് റേഞ്ച് ഓഫീസിലെ ചന്ദനതൈലം കവർച്ച

140 [2112] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് റെയിഞ്ച് ആഫീസിൽ സൂക്ഷിച്ചിരുന്ന ചന്ദനതൈലം കവർച്ച ചെയ്ത കേസ്സുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന റെയിഞ്ച് ഓഫീസറെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വ്യക്തിയെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ്സിന്റെ അന്വേഷണം നിയമസഭാ കമ്മിറ്റിയെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സസ്പെൻഷനിലായിരുന്ന റെയിഞ്ചോഫീസറെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതുകൊണ്ട് കേസ്സിന്റെ അന്വേഷണത്തെ ബാധിക്കുകയില്ല എന്ന് തളിപ്പറമ്പ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് അഭിപ്രായപ്പെട്ടതുകൊണ്ടാണ് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചത്. പോലീസ് അന്വേഷണത്തിൽ റെയിഞ്ച് ഓഫീസർ ഈ കേസ്സിൽ പ്രതിയല്ല.

(സി) ഇത് ഒരു കവർച്ച കേസ് ആയതിനാൽ പോലീസ് അന്വേഷണം അനിവാര്യമാണ്.

വനസമ്പത്ത് മോഷണവുമായി ബന്ധപ്പെട്ട കേസ്സുകൾ

141 [2113] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനസമ്പത്ത് മോഷണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കേസുകളിൽ വനംവകുപ്പ് ഉദ്യോഗസ്ഥർ പ്രതികളാണെന്ന് വെളിപ്പെടുത്തുമോ;

(സി) ക്രിമിനൽ കേസ് നിലവിലുള്ള വനംവകുപ്പ് ഉദ്യോഗസ്ഥർ എത്രപേർ സർവ്വീസിലാണെന്നും എത്രപേർ സസ്പെൻഷനിലാണെന്നും വെളിപ്പെടുത്തുമോ;

(ഡി) മോഷണവുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട് എന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ഇ) തൊണ്ടിമുതൽ ലേലം ചെയ്ത വകയിൽ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എന്തുതുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7675 കേസുകൾ.

(ബി) 24 കേസുകളിൽ.

(സി) 21 പേർ സർവ്വീസിലും 7 പേർ സസ്പെൻഷനിലും ആണ്.

(ഡി) 538 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. ഇവ ടെമ്പോവാൻ, മോട്ടോർ ബൈക്ക്, ജീപ്പ്, ട്രാക്ടർ, ലോറി, ബസ്, പിക്അപ് വാൻ, സ്ക്കൂട്ടർ, മോപ്പഡ്, ആട്ടോറിക്ഷ, കൺട്രി ബോട്ട്, വിവിധതരം കാറുകൾ എന്നീ ഇനങ്ങളിൽപ്പെടുന്നു.

(ഇ) 1058.449 ലക്ഷം രൂപ.

റേഞ്ചർ തസ്തികയിലേക്ക് ഫോറസ്ട്രി ബിരുദക്കാർക്ക് നിയമനം

142 [2114] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനംവകുപ്പിന്റെ റേഞ്ചർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് എല്ലാ ഫോറസ്ട്രി ബിരുദക്കാരേയും പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly